പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7519 — 14.07.2014- ൽ മറുപടിക്ക്

## വയോമിത്രം പദ്ധതി ആവിഷ്കരിച്ച മുനിസിപ്പാലിറ്റികൾ

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 'വയോമിത്രം' പദ്ധതി ആരംഭിച്ച പുതിയ മുനിസിപ്പാലിറ്റികൾ ഏതെല്ലാമാണ്; ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ മുനിസിപ്പാലിറ്റികളെ തിരഞ്ഞെടുത്തത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോമിത്രം പദ്ധതി ആരംഭിച്ച മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾ എന്നിവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. പത്തനംതിട്ട<br>2. ആലപ്പുഴ<br>3. കോട്ടയം<br>4. തൊടുപുഴ<br>5. എറണാകുളം<br>6. തൃശ്ശൂർ<br>7. പാലക്കാട്<br>8. മലപ്പുറം<br>9. വയനാട്<br>10. കോഴിക്കോട്<br>11. കണ്ണൂർ<br>12. കാസർഗോഡ്<br>13. നെയ്യാറ്റിൻകര<br>14. കരുനാഗപ്പള്ളി<br>15. ചേർത്തല<br>16. അങ്കമാലി<br>17. ചാവക്കാട്<br>18. ഷോർണ്ണൂർ<br>19. തിരൂർ<br>20. കൊയിലാണ്ടി<br>21. മട്ടന്നൂർ<br>22. നിലമ്പൂർ<br>23. പാല<br>24. അടൂർ<br>25. മരട്<br>26. ചാലക്കുടി<br>27. കോട്ടയ്ക്കൽ |

| | | | |
|---|---|---|---|
| | | | 28.മഞ്ചേരി<br>29.വടകര<br>30.ചിറ്റൂർ<br>വയോമിത്രം പദ്ധതിയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുവാൻ തയ്യാറുള്ള മുനിസിപ്പാലിറ്റികൾക്കാണ് പദ്ധതി അനുവദിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പഞ്ചായത്ത് തലത്തിൽ വൃദ്ധജന ക്ഷേമത്തിനായി ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ? | (ബി) | വയോജനങ്ങളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനും ഊന്നൽ നൽകിക്കൊണ്ട് വയോജനങ്ങൾക്ക് ഒത്തുകൂടുന്നതിനായി 16.11.2013 ലെ സ.ഉ.(എം.എസ്) നം. 362/2013/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പകൽ വീടുകളും വൃദ്ധസദനങ്ങളും സ്ഥാപിക്കാവുന്നതാണ്. പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ 5% വികലാംഗരുടെയും വൃദ്ധരുടെയും കുട്ടികളുടെ ക്ഷേമത്തിനായി മാറ്റി വച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഡേ കെയർ സെന്ററും ഓരോ ബ്ലോക്ക് പഞ്ചായത്തിലും കമ്മ്യൂണിറ്റി ഡേ കെയർ സെന്ററുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന നയം 2013 വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ